# വീണവായനയും പ്രാണവേദനയും...

**ജോർജുകുട്ടി**

പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ സെമിനാരിയിൽ പുതുതായി ചേരുന്ന വിദ്യാർത്ഥികളെ അരമനയിലേക്ക് ക്ഷണിച്ച് അവരുമായി പരിചയപ്പെടുന്നതിൽ പ്രത്യേക താല്പര്യം കാണിച്ചിരുന്നു. അങ്ങനെയുള്ള ഒരവസരത്തിൽ ബാവാ തിരുമേനി വിദ്യാർത്ഥികളോട് ഒരു ചോദ്യം ചോദിച്ചു: "സഭ ആരുടേതാണ് എന്നാണ് നിങ്ങളുടെ അഭിപ്രായം?" എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു "സഭ പരിശുദ്ധ ബാവാ തിരുമേനിയുടേതാണ്." മറുപടി തിരുമേനിയെ സംതൃപ്തനാക്കുന്നില്ല എന്നു കണ്ടപ്പോൾ അവർ ഉത്തരം തിരുത്തി, "സഭ തിരുമേനിമാരുടേതാണ്", "സഭ പ. സുന്നഹദോസിന്റേതാണ്", "സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റേതാണ്", "സഭ എല്ലാവരുടേതുമാണ്", "സഭ ദൈവത്തിന്റേതാണ്", "സഭ യേശുവിന്റേതാണ്" ഉത്തരങ്ങൾ മാറി മാറി വന്നെങ്കിലും തിരുമേനിയുടെ മുഖം പ്രസന്നമായില്ല. ഒടുവിൽ തിരുമേനി അവരോട് ഓരോരുത്തരും സ്വയം നെഞ്ചത്തു കൈ വയ്ക്കാൻ പറഞ്ഞു. എന്നിട്ട് "സഭ എന്റേതാണ്" എന്ന് അവരെ കൊണ്ട് പറയിച്ചു. ഈ സംഭവം വാസ്തവത്തിൽ നമ്മെ കോരിത്തരിപ്പിക്കുന്നുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ഇന്നു നമ്മൾ ഓരോരുത്തരുടെയും ചിന്ത ഈ സഭ നമ്മുടേതല്ല, മറ്റ് ആരുടെയോ ആണ് എന്നാണല്ലോ? എന്നാൽ ആരുടേത് എന്ന് ആർക്കും കണ്ടെത്താനുമാവുന്നില്ല.

സഭയെ സംബന്ധിച്ചിടത്തോളം നിർണായകമായ പല തീരുമാനങ്ങളും പുറത്തു വരുമ്പോൾ ഈ തീരുമാനം ആരുടേതാണ് എന്ന് എല്ലാവരും പരസ്പരം അന്വേഷിക്കുന്നു. ഉത്തരം കിട്ടുന്നില്ല. ഒടുവിൽ ഉന്നതനേതൃത്വത്തെ സമീപിച്ച് സംശയം തീർക്കാമെന്ന് കരുതി, മുമ്പ് ഉന്നതമായ സ്ഥാനങ്ങൾ വഹിച്ചിരുന്നവർപോലും ബന്ധപ്പെടുവാൻ ശ്രമിച്ചാൽ ഒരു മറുപടി പോലും ലഭിക്കുന്നില്ല. കോൺഗ്രസിലെ 'ഹൈക്കമാൻഡ്' പോലെ എന്തോ ഒന്ന് എവിടെയോ പ്രവർത്തിക്കുന്നുണ്ടാവും. ജനങ്ങൾക്ക് അദൃശ്യവും അസ്പർശ്യവുമായ എന്തോ ഒന്ന് എവിടെയോ ഉണ്ടാവണം. അത് കണ്ടുപിടിക്കേണ്ട ചുമതല നമ്മൾ ഓരോരുത്തരും ഏറ്റെടുക്കേണ്ടി വരും.

ഡോ. അലക്സാണ്ടർ കാരയ്ക്കൽ അസോസിയേഷൻ സെക്രട്ടറിയായി ചുമതല ഏറ്റപ്പോൾ അദ്ദേഹത്തെ സന്ദർശിച്ച ഒരു സംഘം യുവജനപ്രസ്ഥാനം പ്രവർത്തകർ ചോദിച്ചു. വാസ്തവത്തിൽ സഭാ സെക്രട്ടറിയുടെ ജോലി എന്താണ്? യോഗങ്ങളിലും ജാഥകളിലും കാതോലിക്കായുടെ വടി പിടിക്കുക എന്നതാണോ? ചോദ്യത്തിന് കാരണമുണ്ട്. വിനീതരും വിധേയരുമായി പ്രവർത്തിച്ചിരുന്ന അസോസിയേഷൻ സെക്രട്ടറിമാർക്ക് പലപ്പോഴും ധാർഷ്ട്യത്തിന്റെയും അവഗണനയുടെയും കയ്പുനീർ കുടിക്കേണ്ടി വന്നിട്ടുണ്ട്. റാലികളിൽ ഒരു ജീപ്പിൽ അംശവടിയുടെ വാഹകരായി ചിത്രീകരിക്കപ്പെടുവാൻ മാത്രമായിരുന്നു അവരുടെ നിയോഗം. ആ ദുരവസ്ഥ കണ്ടിട്ടാണ് യുവാക്കൾ സെക്രട്ടറിയോട് ചോദിച്ചത് എപ്പിസ്കോപ്പസിയുടെ വടി പിടുത്തക്കാരൻ മാത്രമാണോ അസോസിയേഷൻ സെക്രട്ടറി? ആ ചോദ്യത്തിന് സെക്രട്ടറിയുടെ മറുപടി 'പിടിക്കേണ്ടി വന്നാൽ പിടിക്കാതെ എന്തു ചെയ്യും' എന്നു മാത്രമായിരുന്നു. എന്തായാലും ആ സ്ഥിതിക്ക് ഇന്നു മാറ്റമുണ്ടായിട്ടുണ്ട്. ഇന്ന് എപ്പിസ്കോപ്പസിയുടെ വടി പിടിക്കേണ്ട ചുമതലയിൽ നിന്ന് അസോസിയേഷൻ കാര്യദർശി മോചിതനായിരിക്കുന്നു എന്നു മാത്രമല്ല ഒരു പടി കൂടി കടന്ന് എപ്പിസ്കോപ്പസിയെക്കൊണ്ട് തന്റെ വടി പിടിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിയുകയും ചെയ്തിരിക്കുന്നു. തന്നെയുമല്ല അസോസിയേഷൻ കാര്യദർശി വളർന്ന് സഭയുടെ സി.ഇ.ഒ. ആകുവാൻ ശ്രമിക്കുന്നു. സഭാ സെക്രട്ടറിയെന്ന ഭരണഘടനാപരമല്ലാത്ത പദം നോട്ടീസുകളിലും മറ്റും കൂടെക്കൂടെ ഉപയോഗിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നു.

എന്നാൽ ഏത് സി.ഇ.ഒ. മാരും കമ്പനിക്കുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം വ്യക്തിപരമായ ഉയർച്ച ലക്ഷ്യം വച്ചാൽ കമ്പനിയുടെ ഉടമസ്ഥർക്ക് അത് കണ്ടുകൊണ്ടിരിക്കാൻ സാധ്യമല്ല. സഭയുടെ താല്പര്യത്തിന്റെ വടികളല്ല അദ്ദേഹം ഇന്ന് എപ്പിസ്കോപ്പസിയെക്കൊണ്ട് പിടിപ്പിച്ചിരിക്കുന്നതെന്നും വ്യക്തിപരമായ ഹിഡൻ അജണ്ടകളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതെന്നും ആക്ഷേപമുള്ള സഭാസ്നേഹികളുണ്ട്. തീർച്ചയായും 'സഭാസ്നേഹികളിൽ' അസൂയാലുക്കളും അസഹിഷ്ണുക്കളും ഉണ്ടാവാം. രാഷ്ട്രീയ സാമർഥ്യം അംഗീകരിച്ചുകൊടുക്കാൻ രാഷ്ട്രീയരംഗത്തുള്ളവർക്ക് അത്ര എളുപ്പം കഴിയില്ല എന്നുള്ളതും യാഥാർഥ്യം.

സഭാ-രാഷ്ട്രീയ മേലാളന്മാരുടെ കുടയും വടിയും പിടിച്ചു നടന്ന സഭാ സെക്രട്ടറിയുടെ അവസ്ഥയിൽ നിന്ന് ഏറെ ഉയർന്ന് മേൽപറഞ്ഞവരെ കൊണ്ട് തന്റെ കുടയും വടിയും വരെ എടുപ്പിക്കാൻ കഴിഞ്ഞ സഭാ സെക്രട്ടറിയെ ആദരിക്കാതിരിക്കാൻ ആർക്കാണു കഴിയുക?

എന്നാൽ സെക്രട്ടറിയുടെ നിലയും വിലയും ഉയരുന്നതിന് അനുപാതികമായിട്ടല്ല അതിനേക്കാൾ പതിൻമടങ്ങ് താഴ്ന്ന നിലയിലേക്കാണ് സഭയുടെ അന്തസും സ്വീകാര്യതയും കൂപ്പ് കുത്തിക്കൊണ്ടിരിക്കുന്നത് എന്നതാണ് യാഥാർഥ്യം. ഓർത്തഡോക്സ് സഭ ഇന്ന് പരിഹാസപാത്രം മാത്രമല്ല ഇതര സമൂഹങ്ങൾക്കിടയിൽ നിന്ദാപാത്രം കൂടി ആയിത്തീർന്നിരിക്കുന്നു. ഇതര സമുദായങ്ങളിൽപെട്ട ഉന്നതനേതാക്കളെ പരസ്യമായി അവഹേളിക്കുകയും ആക്ഷേപിക്കുകയും ചെയ്തതു വഴി മറ്റു സമൂഹങ്ങളിൽ നമ്മൾ ഒറ്റപ്പെട്ടവരായി മാറിക്കഴിഞ്ഞിരിക്കുന്നു. സഭയുടെ സമ്മേളനങ്ങളിലേക്ക് ഈ സഭയിലെ സ്തുതിപാഠകരെ മാത്രമേ ക്ഷണിക്കാവൂ എന്ന തീരുമാനമെടുത്തതു വഴി നമ്മുടെ സമ്മേളനങ്ങളൊക്കെ ഇന്ന് ടി.വി. ചാനലുകളിലെ 'വക്രദൃഷ്ടി'ക്കാരുടെ ഇഷ്ടവേദികളായി മാറിക്കഴിഞ്ഞിരിക്കുന്നു. പൊതുസമൂഹത്തിൽ എന്ത് പറയണമെന്നും എങ്ങനെ പറയണമെന്നും അറിയാത്ത വിശാരദന്മാരുടെ തിരുമൊഴികൾ സഭാമക്കളെ ലജ്ജിപ്പിക്കുന്നു. സഭാസമ്മേളനങ്ങളിൽ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ പ്രമുഖ വ്യക്തികളെ പങ്കെടുപ്പിക്കുന്നത് ആ സമ്മേളനങ്ങൾക്ക് പൊതുസമൂഹത്തിന്റെ ശ്രദ്ധ കിട്ടുന്നതിനു വേണ്ടിയും കൂടിയാണ്. കഴിഞ്ഞയിടെ നടന്ന ഒരു സഭാപരിപാടി നമ്മുടെ മാധ്യമങ്ങളിൽ ദിവസങ്ങളോളം 'കോമഡി ഷോ'യ്ക്ക് വിഷയമായതിന്റെ ഉത്തരവാദിത്തം ആർക്കാണ്? അന്നത്തെ സംസ്ഥാന-കേന്ദ്ര ഗവൺമെന്റിലെ പ്രമുഖരെ പങ്കെടുപ്പിക്കരുതെന്ന ചിലരുടെ നിർബന്ധം മൂലമല്ലേ, രാജ്യം മുഴുവൻ അറിയേണ്ട മഹാസംഭവത്തിന് ഒരു കോമാളിത്ത പ്രതിച്ഛായ ഉണ്ടാകാൻ കാരണം.

രാഷ്ട്രീയ രംഗത്ത് സഭയുടെ താല്പര്യങ്ങൾ സംരക്ഷിക്കരുതെന്ന് ആർക്കും പറയാനാവുകയില്ല. എന്നാൽ സഭയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങൾ ഏതെങ്കിലും വിഭാഗത്തെ ആക്ഷേപിക്കുന്നതോ അവഹേളിക്കുന്നതോ ആവാൻ പാടില്ല. സഭയ്ക്ക് നീതി നിഷേധിക്കപ്പെടുന്നു എന്നതാണല്ലോ പ്രധാന ആക്ഷേപം. സഭയ്ക്കു ലഭിക്കുന്ന അവസരങ്ങൾ അവിവേകം കൊണ്ടും അഹങ്കാരം കൊണ്ടും നഷ്ടപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്തം ആർക്കാണ്. കോലഞ്ചേരി പള്ളിയിലെ നാലു തവണകളിലും ഓർത്തഡോക്സ് അച്ചന്മാർക്ക് തവണ കിട്ടിയപ്പോൾ, അതിലൊരു വൈദികനെ അദ്ദേഹത്തിന്റെയും കൂടെയുള്ളവരുടെയും താല്പര്യത്തിനു വിരുദ്ധമായി അസമയത്തും അസ്ഥാനത്തും സ്ഥലംമാറ്റിയതു മൂലമല്ലേ ഇന്നത്തെ കോലഞ്ചേരി പ്രശ്നം

ഉണ്ടായത്? തന്ത്രങ്ങളുടെയും കുതന്ത്രങ്ങളുടെയും ആൾരൂപമായ ഇതരവിഭാഗത്തിന്റെ തലവന് ആസൂത്രിതമായ കളികൾക്ക് അവസരമുണ്ടാക്കിയതിന്റെയും അതിനോട് പ്രതികരിച്ച് നാണംകെട്ടതിന്റെയും ഉത്തരവാദിത്തം ആർക്കാണ്?

ശരിയായ തീരുമാനങ്ങൾ ശരിയായ സമയത്ത് സ്വീകരിക്കുവാൻ എല്ലാവർക്കും എപ്പോഴും കഴിയണമെന്നില്ല. എന്നാൽ വിവേകപരമായ ഉപദേശം നൽകുവാൻ കഴിയുന്നവർക്ക് ചെവി കൊടുക്കുവാൻ എപ്പോഴും കഴിയും. ആലോചനകൾ സ്വീകരിക്കില്ല എന്ന നിർബന്ധ ബുദ്ധിയോടെ ഇന്നത്തെ സഭയെയും നാളത്തെ സഭയെയും നശിപ്പിച്ചായാലും താൻ തെളിക്കുന്ന വഴിയേ മാത്രമേ യാത്ര ചെയ്യൂ എന്ന നിർബന്ധബുദ്ധി മാത്രമാണ് ഇന്നത്തെ പ്രശ്നം.

ഇത്രയും പറയുമ്പോൾ തന്നെ സഭാഭക്തി തലയ്ക്കു പിടിച്ച ചിലർ ഉറഞ്ഞു തുള്ളുന്ന കാഴ്ച നമുക്കു കാണാം. എന്നാൽ വാസ്തവത്തിൽ എന്താണ് സഭാഭക്തി? ആരാണു സഭാസ്നേഹി? കാതോലിക്കാദിന പ്രതിജ്ഞയിൽ 'സഭയിലെ എല്ലാ തിരുമേനിമാരോടും ഭക്തിയും കൂറും' ഉറച്ചു പ്രഖ്യാപിക്കുന്ന ഒരു പ്രതിജ്ഞാവാചകം കാണാം. ഭൂമിയിലെ എല്ലാ സുഖത്തോടും കൂടി കാതോലിക്കാ നീണാൾ വാഴണമെന്ന പ്രാർത്ഥനയും. തിരുമേനിമാരോട് നമുക്കുള്ള ആദരവിനെ ഭക്തി എന്നാണോ വിളിക്കേണ്ടത് എന്നെനിക്കറിയില്ല. കാതോലിക്കാ ബാവായ്ക്ക് 'ഭുവി സുഖങ്ങളെല്ലാം' പ്രാപ്യമാണോ എന്നും നമുക്കറിയില്ല. അത്മായക്കാർക്ക് അജ്ഞാതമായ പലതുമാണല്ലോ ഇന്ന് അരമനകളിൽ നടക്കുന്നത്. അതുകൊണ്ട് അതിനെപ്പറ്റി നാം തർക്കിക്കേണ്ടതില്ല. എന്നാൽ ആരെങ്കിലും എവിടെയെങ്കിലും എഴുതി വച്ചിരിക്കുന്ന പ്രതിജ്ഞകൾ ഏറ്റുചൊല്ലേണ്ടവരല്ല അത്മായക്കാർ എന്ന ബോധം ഉണ്ടാവുന്നതാണ് സഭാസ്നേഹത്തിന്റെ ആദ്യപടി എന്നാണ് എന്റെ തോന്നൽ. സഭാംഗങ്ങൾ സഭയുടെ പേരിൽ നടക്കുന്ന എല്ലാറ്റിനെയും കണ്ണടച്ച് ഏറ്റുപാടുന്നവരായാൽ, തിരുത്തേണ്ടത് തിരുത്തണമെന്ന് പറയുവാൻ നമുക്ക് എങ്ങനെ കഴിയും.

ഈ ദുരവസ്ഥ മൂലം തെറ്റായ ആഹ്വാനങ്ങളും പക്വതയില്ലാത്ത നിരീക്ഷണങ്ങളും അനാവശ്യമായ നിരൂപണങ്ങളും നാൾക്കുനാൾ പല കേന്ദ്രങ്ങളിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജനമാവട്ടെ നിസംഗതയോടെയും വെറുപ്പോടെയും ഇവയ്ക്കൊന്നും ഒരു പ്രാധാന്യവും നൽകാതെ നിഷ്ക്രിയരായി നമുക്കിതിലൊരു കാര്യമില്ല എന്ന ബോധ്യത്തിൽ കഴിയുകയും ചെയ്യുന്നു,

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിലും തിരഞ്ഞെടുപ്പിനു ശേഷവും സഭാധികാരികൾ സ്വീകരിച്ച രാഷ്ട്രീയ നിലപാടുകളെപ്പറ്റി വ്യത്യസ്തമായ അഭിപ്രായങ്ങൾ സഭയ്ക്കകത്തും പുറത്തും ഉണ്ടായിട്ടുണ്ട്. വലിയ ആൾബലം തങ്ങൾക്കൊപ്പമുണ്ടെന്ന് എല്ലായ്പ്പോഴും ഭരണക്കാരെ ബോധ്യപ്പെടുത്തുവാൻ കഴിവുള്ള യാക്കോബായ പക്ഷത്തിന്റെ തിണ്ണമിടുക്കിൽ ഓർത്തഡോക്സ് താല്പര്യങ്ങൾ അടിയറ വയ്ക്കപ്പെട്ടുവെന്ന തോന്നൽ കോട്ടയത്തിനു തെക്കും വടക്കുമുള്ള സഭാംഗങ്ങളിൽ ഉണ്ടാക്കുന്നതിൽ അതിനായി പരിശ്രമിച്ചവർ വിജയിച്ചിട്ടുമുണ്ട്. യാക്കോബായക്കാർക്കും ഓർത്തഡോക്സ്കാർക്കും ആൾക്കൂട്ടത്തെ അവകാശപ്പെടുവാനും സംഘടിപ്പിക്കുവാനും കഴിവുള്ള കോട്ടയംകാരാവട്ടെ, സഭാരാഷ്ട്രീയത്തെയും യഥാർത്ഥ രാഷ്ട്രീയത്തെയും രണ്ടായി കാണുന്ന പ്രായോഗികബുദ്ധികളുമാണ്. അതുകൊണ്ടു തന്നെയാണല്ലോ കോട്ടയത്തെ ഒരു പള്ളിയിലും കാര്യമായ കക്ഷിവഴക്കിനു സ്ഥാനമില്ലാത്തതും യാക്കോബായ വൈദികരുടെ ശവസംസ്കാര ശുശ്രൂഷയിൽ പങ്കാളികളാകാനും തങ്ങളുടെ പള്ളികളിൽ അവരെ അടക്കം ചെയ്യാൻപോലും കോട്ടയത്തെ ഓർത്തഡോക്സുകാർ മടിക്കാത്തതും. മറിച്ചു ഓർത്തഡോക്സ് പള്ളികളുമായും അച്ചന്മാരുമായും സഹകരിക്കാൻ യാക്കോബായക്കാർക്കും കാര്യമായ വൈമനസ്യമൊന്നും ഇവിടെയില്ല. മഹാനായ പാറേട്ട് മാർ ഈവാനിയോസ് തിരുമേനിയുടെ വിവേകപൂർണ്ണമായ പ്രായോഗിക നിലപാടുകളാണ് ഇതിനു പിന്നിലുള്ള മൂലകാരണമെന്ന യാഥാർത്ഥ്യം നാം ഓർത്തിരിക്കേണ്ടതുണ്ട്.

ആ ഓർമ്മ വർത്തമാനകാലത്തിൽ അനിവാര്യമായിരിക്കുന്നു. ഏതു കോടതിവിധികൾ വന്നാലും രാജഭരണത്തെപ്പോലെ അത് ഏകപക്ഷീയമായി ഇന്ന് നടപ്പാക്കപ്പെടുകയില്ല. ഭരണകൂടത്തിനു തൃപ്തികരമായി തോന്നാത്ത വിധികൾ നടപ്പാക്കാതിരിക്കാൻ പല വഴികളുമുണ്ടെന്ന് നമുക്കറിയാം. ജനക്കൂട്ടത്തെ ചവിട്ടിമെതിക്കുവാൻ ജനാധിപത്യഭരണകൂടങ്ങൾക്ക് കഴിയുകയില്ല. വിളപ്പിൽ ശാലയിൽ നാം അതു നേരിട്ടു കണ്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസ് പിളർന്നപ്പോൾ, ഇന്ദിരാപക്ഷത്തിനു കോടതി വിധിച്ച ജന്തർമന്തറിലെ ഓൾ ഇന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ ഓഫീസിൽ നിന്ന് പ്രായേണ ദുർബലരായ സംഘടനാ കോൺഗ്രസുകാരെ ഇറക്കിവിടാൻ പോലീസിനെ ഉപയോഗിക്കാൻ തന്റെ ഉഗ്ര പ്രതാപകാലത്ത് പോലും ഇന്ദിരാഗാന്ധി ആഗ്രഹിച്ചില്ല. ആ മന്ദിരം സംഘടനാ കോൺഗ്രസുകാർ ജനതാപാർട്ടിയിൽ ലയിച്ചപ്പോൾ അവർക്കും ജനതാപാർട്ടി പലതായി പിളർന്നപ്പോൾ കൈവശക്കാരായിത്തീർന്ന ഇപ്പോഴത്തെ ജനതാദൾ (യു)വിനും ലഭിച്ചു. മലങ്കരയിലെ പള്ളിത്തർക്കങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ സ്വീകരിക്കണമെന്നു വാദിക്കുന്നവർ ഓർമയിൽ ഇത് സൂക്ഷിക്കണം. കോടതിവിധികൾ ഭരണകൂടങ്ങൾ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ എതിർഭാഗത്ത് ആൾക്കൂട്ടമുണ്ടെങ്കിൽ അവരുടെ വികാരവും പരിഗണിക്കപ്പെടും. ആരു ഭരിച്ചാലും, അതിനു മാറ്റമുണ്ടാവില്ല.

തീർച്ചയായും യാക്കോബായക്കാരുടെ ആൾക്കൂട്ടത്തിന്റെ ആവേശവും അവരുടെ തന്ത്രശാലികളായ തലവന്മാരുടെ ജാഗ്രതയും അവരെ പിൻ തുണച്ച് ഇണക്കത്തിൽ കുണുക്കിട്ടു കൊടുത്തുകൊണ്ടിരിക്കുന്ന തങ്കച്ചന്മാരുടെയും ബഹനാന്മാരുടെയും മറ്റും തലയിണമന്ത്രവും മൂലം യു.ഡി.എഫ്. നേതൃത്വം യാക്കോബായക്കാരുടെ പിണിയാളുകളായി മാറിയെന്ന തോന്നൽ ഓർത്തഡോക്സ് പക്ഷത്തിനുണ്ടായി. യു.ഡി.എഫ്. നേതൃത്വത്തെക്കൊണ്ട് ചുടുചോറു വാരിക്കുവാൻ കഴിഞ്ഞതിനൊപ്പം എൽ.ഡി.എഫു. മായി മികച്ച ബന്ധം നിലനിർത്താനും യാക്കോബായ നേതൃത്വത്തിനു സാധിച്ചു. ഈ നയതന്ത്രവൈദഗ്ധ്യം മൂലമാണു ഏതു കോടതിവിധി എതിരെ വന്നാലും ' അടിയൻ ലച്ചിപ്പോം' എന്നു പറഞ്ഞ് ചാടിവരുവാനും തങ്ങളുടെ താല്പര്യം സംരക്ഷിക്കാനും തോമസ് പ്രഥമന് സാധിക്കുന്നത്.

അതേസമയം ഇതിനുനേരെ വിപരീതമാണ് ഓർത്തഡോക്സ് പക്ഷത്തിലെ സ്ഥിതി. മുഖ്യമന്ത്രി ഓർത്തഡോക്സുകാരനാണെന്ന സാങ്കേതികകാരണം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പ്രചരണം വഴി യു.ഡി.എഫ്. നേതൃത്വത്തെ ഗട്ടറിൽ വീഴ്ത്തിയ യാക്കോബായ തന്ത്രത്തിനു പ്രതിരോധം തീർക്കാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല തങ്ങളെ സഹായിക്കാൻ ഒരു പരിധിവരെയെങ്കിലും കഴിഞ്ഞിരുന്നവരെ മൂന്നു ചുവടുകൊണ്ട് പാതാളത്തിലേക്കയ്ക്കുവാനും ഓർത്തഡോക്സ് പക്ഷത്തെ നവ വാമനന്മാർക്ക് സാധിക്കുകയും ചെയ്തു. മുഖ്യമന്ത്രിയെയും മന്ത്രിമാരെയും ബഹിഷ്കരിക്കാനും തിരുമേനിമാരുടെ കബറടക്കത്തിനു വന്നാൽപോലും അവരെ മുദ്രാവാക്യം വിളിച്ച് ആക്ഷേപിക്കാനും അവർ മടിച്ചില്ല. യു.ഡി.എഫു. മായി ഓർത്തഡോക്സ് നേതൃത്വത്തിനുണ്ടാവുന്ന അകൽച്ച മുതലെടുക്കുവാൻ എൽ.ഡി.എഫ്. നേതൃത്വത്തിന് ഏറെ പണിപ്പെടേണ്ടി വന്നില്ല. എന്തെല്ലാം പ്രശ്നം ഉണ്ടായാലും തിരഞ്ഞെടുപ്പുകാലത്ത് ഒരു വണ്ടി നിറയെ ഖദർധാരികളെ അരമനകളിലേക്കും അങ്ങാടികളിലേക്കും അയച്ചാൽ മതി എല്ലാം ശുഭമാകുമെന്നു കരുതിയ യു.ഡി.എഫ്. നേതൃത്വമാകട്ടെ വാമനന്റെ മൂന്നാമത്തെ ചവിട്ടു കിട്ടിയപ്പോഴാണ് കാര്യങ്ങൾ കൈവിട്ടുപോയതറിഞ്ഞതും.

എന്നാൽ ഇപ്പോൾ വീണ വായന നടത്തുന്ന ഓർത്തഡോക്സ് ഇടതുപക്ഷ കൂട്ടായ്മയും പ്രാണവേദനയിൽ പിടയുന്ന യു.ഡി.എഫ്. നേതൃത്വവും യാക്കോബായ പക്ഷത്തിന്റെ തന്ത്രപരമായ സാമർഥ്യത്തിന്റെ ഇരകൾ മാത്രമാണ്. അവരുടെ സമസ്ത താല്പര്യങ്ങളും ഇന്നും നാളെയും സംരക്ഷിക്കപ്പെടും. അവരുടെ ശത്രു അവരുടെ ഇടയിൽ നിന്നു വരുന്ന ഭിന്നിപ്പുകൾ മാത്രമാണ്. ഒപ്പം അവരെ ശരിയായ രീതിയിൽ മനസിലാക്കിയിട്ടുള്ള പുതിയ പാത്രിയർക്കീസിന്റെ നയങ്ങളും.

എങ്കിൽക്കൂടിയും ജനങ്ങളുടെ ജാഗ്രത അവിടെ സജീവമാണ്. സുപ്രീംകോടതി വിധിക്കുശേഷം യാക്കോബായ പക്ഷത്തിൽ നാലു മെത്രാന്മാരുടെ ചേരിമാറ്റം മൂലവും മറ്റു പലവിധ പ്രശ്നങ്ങൾ മൂലവും കലുഷിതമായ കാലഘട്ടത്തിൽ മണർകാട് പള്ളിയിൽ ഒരു മഹായോഗം ചേർന്നു. അപ്പോൾ അവിടെ ഒരു പ്രചരണമുണ്ടായി, ദീവന്നാസിയോസും മറുപക്ഷം ചേരുവാൻ പോകുകയാണ്. സ്റ്റേജിൽ ബന്യാമീൻ മാർ ഒസ്താത്തിയോസ് എന്ന കുന്നംകുളം മെത്രാൻ മാത്രം. അദ്ദേഹം പ്രഖ്യാപിച്ചു, ഇപ്പോൾ കേൾക്കുന്നു ദീവന്നാസിയോസ് മെത്രാച്ചനും മറുപക്ഷത്തേക്കു പോവുന്നു എന്ന്. മക്കളേ, ഈ ബെന്യാമീൻ മാത്രം മതി. ഞാനെന്നും നിങ്ങൾക്കൊപ്പം ഉണ്ടാവും." ഉടനെ സദസിൽ നിന്നു മുദ്രാവാക്യം വിളി ഉയർന്നു

"എവിടെടാ ....യോസ്? വെക്കടാ വടിയും ഊരെടാ മുടിയും." ഏതായാലും ആ മുദ്രാവാക്യം വിളികൾ അധികം ഉയരുന്നതിനു മുമ്പേ ദീവന്നാസിയോസ് രംഗത്തെത്തുകയും തെറ്റിദ്ധാരണകൾ നീക്കുകയും ചെയ്തു.

ജനങ്ങളുടെയും കക്ഷിയുടെയും താല്പര്യത്തിനു വിരുദ്ധമായി ആര് എന്തെല്ലാം ചെയ്താലും അവരെ ജാഗരൂകമായി വീക്ഷിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ഒരു സമൂഹം യാക്കോബായ പക്ഷത്ത് സജീവമായുള്ളതിനാൽ, അവിടെ മെത്രാന്മാർക്കും നേതൃത്വത്തിനും താക്കീത് നൽകുവാൻ അവർക്കു കഴിയും. എന്നാൽ ഓർത്തഡോക്സ് പക്ഷത്തെ സ്ഥിതി അതല്ല. വളരെ വേഗം കുതന്ത്രങ്ങളിൽ കുടുങ്ങിപ്പോവുന്ന നേതൃത്വം മാത്രമേ ഇവിടെയുള്ളു. അതുകൊണ്ടു തന്നെ തങ്ങൾ ഊരാക്കുടുക്കിലാണെന്നും ഇന്നു തങ്ങൾ പ്രതീക്ഷ വച്ചിരിക്കുന്നവരുടെ ഉന്നം മറ്റൊന്നാണെന്നും അവർ തിരിച്ചറിയുമ്പോഴേക്കും കാലം ഏറെ വൈകിയിരിക്കും.

പൊതുസമൂഹത്തെയും ഇതര ജനങ്ങളെയും സ്വന്തം മക്കളെയും ശത്രുവായി കരുതുകയും അവരിൽ നിന്നും ഒറ്റപ്പെടുകയും ചെയ്യുന്ന തന്ത്രപരമായ പാളിച്ചകൾ സഭാനേതൃത്വത്തിന് ഉണ്ടാവാതിരിക്കണമെങ്കിൽ വിവേകമതികളായ അത്മായ-വൈദിക നേതൃത്വം ഉണ്ടാവണം. മികച്ച വൈദികർ ഉണ്ടായതുകൊണ്ടു മാത്രം കാര്യമില്ല. അവർ സഭാ നേതൃത്വത്തിലേയ്ക്കും സഭാഭരണതലങ്ങളിലേയ്ക്കും കടന്നുവരുവാൻ തയ്യാറാവുകയും ആയതിലേയ്ക്ക് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

നമുക്ക് പ്രതീക്ഷയർപ്പിക്കാവുന്നത് ഇനി വരാൻ പോകുന്ന അത്മായ നേതൃത്വത്തിൽ മാത്രമാണ്. പിതാക്കന്മാർ നന്നായി ഉറങ്ങട്ടെ. ഉറക്കമെണീറ്റു വരുമ്പോൾ ജാഗ്രതയോടെ പ്രവർത്തിക്കാനും ആടുകളെ പച്ചപ്പു നിറഞ്ഞ മേച്ചിൽപ്പുറങ്ങളിലേക്ക് നയിക്കാനുള്ള സ്വസ്ഥതയും അവർക്ക് കൈവരട്ടെ. അതിനായി അവർക്ക് ബുദ്ധിയുപദേശിക്കാൻ കഴിവുള്ള ഒരു മികച്ച മാനേജിംഗ് കമ്മിറ്റിയും ചുമതലക്കാരും ഉണ്ടാവട്ടെ.

ഇതൊന്നും ഒരിക്കലും ഓട്ടോമാറ്റിക്കായി സംഭവിക്കില്ല. ഓരോ ഇടവകയിലും ജനങ്ങൾ ഉണരണം. വിവേകമുള്ള പ്രതിനിധികൾ പൊതുയോഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടണം. അവർക്ക് മികച്ച നേതൃത്വത്തെ കണ്ടെത്താനാവണം. ഇ. ജെ. ജോണും, കെ. സി. മാമൻ മാപ്പിളയും റാവുസാഹിബ് ഒ. എം. ചെറിയാനും, സി. എം. സ്റ്റീഫനും, ഇ. ജോൺ ജേക്കബും ഒക്കെ അവരുടെ മനസ്സിലേക്ക് കടന്നുവരണം.

ഇനി ഈ സഭയുടെ നേതൃത്വത്തിൽ നിന്ന് വിവേകപൂർണമായ സ്വരം മാത്രമേ കേൾക്കാൻ ഇടയാകാവൂ.

അല്ലെങ്കിൽ അന്ന് മണർകാട് മുഴങ്ങിയ മുദ്രവാക്യം വ്യത്യസ്ത നാമധേയങ്ങളോടെ നമ്മുടെ ദേവാലയങ്കണങ്ങളിൽ നിന്നും മുഴങ്ങി കേൾക്കാനിടയാവും എന്നതിൽ സംശയം വേണ്ട.

❑